"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ട്രാൻസ്ജെൻഡർ ക്ഷേമം - വിദൂര വിദ്യാഭ്യാസത്തിലൂടെ പഠനം നടത്തുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്ന 'വർണ്ണം' പദ്ധതിയ്ക്കായി തുക ചെലവഴിയ്ക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.542/2021/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 05/08/2021**

---

പരാമർശം: 1. സാമൂഹ്യനീതി ഡയറക്ടറുടെ 21.04.2021 ലെ സി4-1717/2021/സാനീവ നമ്പർ കത്ത്.
2. 25.06.2021 ലെ മൂന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

**ഉത്തരവ്**

ട്രാൻസ്ജെൻഡർ വ്യക്തികളുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി നിരവധി പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. കോളേജുകളിൽ പഠനം തുടരാൻ കഴിയാതെ വിദൂര വിദ്യാഭ്യാസ സംവിധാനത്തിൽ കൂടി സംസ്ഥാനത്ത് ഡിഗ്രി/പിജി തലങ്ങളിൽ നിരവധി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നുണ്ട്. രജിസ്ട്രേഷൻ ഫീസ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, പഠന കാലയളവിൽ അസൈന്മെന്റ്, പ്രോജക്ട് തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള ചെലവ്, പഠന സാമഗ്രികൾ വാങ്ങൽ, കോണ്ടാക്ട് ക്ലാസുകൾ, പരീക്ഷകൾ എന്നിവയിൽ പങ്കെടുക്കൽ തുടങ്ങി ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പഠന കാലയളവിൽ ഒരു നിശ്ചിത തുക ചെലവാകുന്നുണ്ട്. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് മറ്റ് വരുമാനങ്ങളില്ലാത്തതിനാലും സാമൂഹ്യനീതി വകുപ്പ് നൽകുന്ന സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ വിദ്യാഭ്യാസ പദ്ധതികളിൽ ഇത്തരം വിദ്യാർത്ഥികളെ ഉൾപ്പെടുത്താത്തതിനാലും, ടി വിദ്യാർത്ഥികൾക്കായി സാമ്പത്തിക ധനസഹായം നടപ്പിലാക്കുന്നതിനായി 'വർണ്ണംപദ്ധതി' എന്ന പേരിൽ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, പ്രസ്തുത സാഹചര്യത്തിൽ നടപ്പു സാമ്പത്തിക വർഷം വിദൂര വിദ്യാഭ്യാസ കോഴ്സ് 'വർണ്ണം' പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള കർമ്മ പദ്ധതി അംഗീകരിച്ചും ആയതിലേയ്ക്ക് ആവശ്യമായ 4,80,000/- രൂപ (നാല് ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം) ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി 2235-60-200-64 (പി)

ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപയിൽ നിന്നും ചെലവഴിയ്ക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) 25.06.2021 ലെ മൂന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വിദൂര വിദ്യാഭ്യാസത്തിലൂടെ പഠനം നടത്തുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സാമ്പത്തിക ധനസഹായം നല്കുന്ന 'വർണ്ണം' പദ്ധതിയ്ക്കാവശ്യമായ 4,80,000/- രൂപ (നാല് ലക്ഷത്തി എൺപതിനായിരം രൂപാ മാത്രം) ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപയിൽ നിന്നും ചെലവഴിയ്ക്കുന്നതിനുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**നിഷ എസ്**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
സാമൂഹ്യനീതി (എ) വകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ